**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1351** **10-10-2024 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റ്/ബുക്ക് തിരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റ്/ബുക്ക് എന്നിവ തിരുത്തുന്നതിനായി എത്ര വർഷം കഴിഞ്ഞവരാണ് അപേക്ഷയുടെ കൂടെ വിദ്യാഭ്യാസ മന്ത്രിയുടെ നിരാക്ഷേപപത്രംകൂടി സമർപ്പിക്കേണ്ടതെന്ന് അറിയിക്കുമോ ; | (എ) | എസ്.എസ്.എൽ.സി പരീക്ഷ എഴുതി പതിനഞ്ച് (15) വർഷം കഴിഞ്ഞവരുടെ എസ്.എസ്.എൽ.സി യിലെ ജനനത്തീയതി തിരുത്തൽ വരുത്തുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കിയുള്ള പ്രത്യേകാനുമതി സർക്കാർ നൽകുന്നുണ്ട്. |
| (ബി) | നിരാക്ഷേപപത്രത്തിന് അപേക്ഷ സെക്രട്ടേറിയറ്റിൽ സമർപ്പിച്ചാൽ അപേക്ഷയിൽ ഏതെങ്കിലും രേഖയുടെ കുറവുണ്ടായാൽ അപേക്ഷ നിരസിക്കുന്നത് തപാൽ സെക്ഷനിലാണോ, വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനിലാണോ എന്നുള്ളത് വിശദമാക്കാമോ; | (ബി) | വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനിലാണ്. |
| (സി) | അപേക്ഷ നിരസിക്കുന്ന കാര്യം അപേക്ഷകനെ എങ്ങനെയാണ് അറിയിക്കാറുള്ളത് ;വിശദമാക്കാമോ; | (സി) | തപാൽ മുഖേന കത്ത് നൽകുന്നുണ്ട്. |
| (ഡി) | കോർട്ട് ഫീ സ്റ്റാമ്പ് വയ്ക്കാത്ത സാഹചര്യത്തിൽ അപേക്ഷ നിരസിക്കാറുണ്ടോ;വിശദാംശം നൽകാമോ; | (ഡി) | ഉണ്ട്. ജനനത്തീയതി തിരുത്തൽ വരുത്തുന്നതിന്റെ ആവശ്യകത, സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനത്തിൽ ജോലി ചെയ്യുന്നത് സംബന്ധിച്ചവിവരങ്ങൾ വ്യക്തമാക്കിയിട്ടില്ലെങ്കിലും, അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി ബുക്കിന്റേയും ജനന സർട്ടിഫിക്കറ്റിന്റേയും അറ്റസ്റ്റഡ്/ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയിട്ടില്ലെങ്കിലും, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലും ജനന സർട്ടിഫിക്കറ്റിലും അപേക്ഷകന്റെ പേരിലും മാതാവിന്റെയും പിതാവിന്റെയും പേരിലും വ്യത്യാസം ഉണ്ടെങ്കിലും അപേക്ഷയിൽ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ചിട്ടില്ലെങ്കിലും, അപേക്ഷ നിരസിച്ചുകൊണ്ട് കത്ത് നൽകുകയും, ടി അപാകതകൾ ഒന്നുമില്ലാത്ത അപേക്ഷ വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനിൽ ലഭ്യമാകുമ്പോൾ മുൻഗണനാക്രമം അനുസരിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് പ്രത്യേകാനുമതിയും നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | എല്ലാ രേഖകളും ഉണ്ടെങ്കിൽ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള സമയപരിധി അറിയിക്കാമോ? | (ഇ) | ഉണ്ട്. ജനനത്തീയതി തിരുത്തൽ വരുത്തുന്നതിന്റെ ആവശ്യകത, സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനത്തിൽ ജോലി ചെയ്യുന്നത് സംബന്ധിച്ചവിവരങ്ങൾ വ്യക്തമാക്കിയിട്ടില്ലെങ്കിലും, അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി ബുക്കിന്റേയും ജനന സർട്ടിഫിക്കറ്റിന്റേയും അറ്റസ്റ്റഡ്/ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയിട്ടില്ലെങ്കിലും, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലും ജനന സർട്ടിഫിക്കറ്റിലും അപേക്ഷകന്റെ പേരിലും മാതാവിന്റെയും പിതാവിന്റെയും പേരിലും വ്യത്യാസം ഉണ്ടെങ്കിലും അപേക്ഷയിൽ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ചിട്ടില്ലെങ്കിലും, അപേക്ഷ നിരസിച്ചുകൊണ്ട് കത്ത് നൽകുകയും, ടി അപാകതകൾ ഒന്നുമില്ലാത്ത അപേക്ഷ വിഷയം കൈകാര്യം ചെയ്യുന്ന സെക്ഷനിൽ ലഭ്യമാകുമ്പോൾ മുൻഗണനാക്രമം അനുസരിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് പ്രത്യേകാനുമതിയും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ